പ്രോഗ്രാമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി 42.61 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. ഇതിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണത്തിൽ തകർന്ന മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തിലെ കടൽ ഭിത്തികളുടെ പുനരുദ്ധാരണത്തിനായി 471 ലക്ഷം രൂപയുടെ 7 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാവുന്നതാണ്.

നീരൊഴുക്ക് ചാലിലെ രൂക്ഷമായ കടൽക്ഷോഭം നേരിടുന്ന സ്ഥലത്തെ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും പ്രസ്തുത പ്രവൃത്തിക്ക് എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ നീരൊഴുക്ക് ചാലിൽ ചെ. 100/400 കി. മീറ്ററിനും 100/850 കി.മിറ്ററിനും ഇടയിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിൽ നീരൊഴുക്ക് ചാലിൽ ചെ 100/200 കി.മീ. മുതൽ 100/264 കി.മീ.വരെ തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് കടലാക്രമണ പ്രതിരോധപ്രവൃത്തിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിഷ്കരണ നടപടികൾ പൂർത്തിയാക്കി ടെൻഡർ നടപടി സ്വീകരിച്ച പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

കാനത്തോട്, തോട്ടുമുഖം എന്നീ റെഗുലേറ്റർ കം ബ്രിഡ്ജുകളുടെ റിവൈസ്ഡ് ഭരണാനുമതി

174 (2729) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാനത്തോട്, തോട്ടുമുഖം എന്നീ റഗുലേറ്റർ കം ബ്രിഡ്ജുകളുടെ റിവൈസ്ഡ് ഭരണാനുമതി ലഭിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ടുകൾ ലഭ്യമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ പദ്ധതികളുടെ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ;

(സി) ഭരണാനുമതി എന്നേയ്ക്ക് ലഭിക്കും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജ്, തോട്ടമുഖം റെഗുലേറ്റർ -കം-ബ്രിഡ്ജ് തുടങ്ങിയ പ്രവൃത്തികൾക്കായി പുതുക്കിയ CPWD rate പ്രകാരമുള്ള എസ്റ്റിമേറ്റ് പദ്ധതി വിഭാഗം (2) ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

വെള്ളക്കരം

175 (2730) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വെള്ളക്കരം എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു, നിലവിലുണ്ടായിരുന്നതിന്റെ എത്ര ശതമാനമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത് ; നിലവിലുണ്ടായിരുന്നതിന്റെയും വർദ്ധിപ്പിച്ച നിരക്കുകളുടെയും വിശദാംശം നൽകുമോ ;

(ബി) ഡ്രെയിനേജിന് നാളിതുവരെ ഫീസ് ഈടാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെള്ളക്കരം ഒരു പ്രാവശ്യം വർദ്ധിപ്പിച്ചു. ഓരോ സ്ലാബിലുമുള്ള നിരക്ക് വർദ്ധനവിന്റെ ശതമാനം ചുവടെ കാണാവുന്നതാണ് :

15 കി.ലി. മുതൽ 20 കി.ലി. വരെ	- 35.11 ശതമാനം
20 കി.ലി. മുതൽ 25 കി.ലി. വരെ	- 49.18 "
25 കി.ലി. മുതൽ 30 കി.ലി. വരെ	- 82.73 "
30 കി.ലി. മുതൽ 40 കി.ലി. വരെ	- 109.59 "
40 കി.ലി. മുതൽ 50 കി.ലി. വരെ	- 96.27 "

LIBRARY ARCHIVES Kerala Legislative Assembly